**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat khalifathullah Munir Ahmad Azim (A)**
**28 October 2016 (26 Muharram 1438 Hijira)**

## The Existence of God / ദൈവത്തിന്റെ അസ്തിത്വം

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **ദൈവത്തിന്റെ അസ്തിത്വം** എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

**ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതി സൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു (6:104)**

ഈ വചനത്തിലൂടെ ദൈവം മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നത്, മനുഷ്യന്റെ കണ്ണുകൾക്ക് ദൈവത്തെ കാണുവാനുള്ള ശക്തിയില്ല, കാരണം അവൻ അതിസൂക്ഷ്മനാണ്. അതി സൂക്ഷ്മമായ ഒന്നിനെ കാണുവാൻ കണ്ണുകൾക്ക് കഴിയുകയില്ല. എന്നാൽ പിന്നെ ദൈവത്തെ അറിയുവാനുള്ള മാർഗമെന്താണ്? ഇതിനുള്ള ഉത്തരമായി അവൻ പറയുന്നു. എന്നാൽ അവൻ കണ്ണുകളിലേക്കെത്തുന്നു. അതായത് മനുഷ്യന്റെ കണ്ണുകൾ കൊണ്ട് അവനെ ദർശിക്കുവാൻ കഴിയുകയില്ലെങ്കിലും, അവൻ സ്വയം മനുഷ്യന് വേണ്ടി അവന്റെ കഴിവുകളുടെ ഒരു പ്രദർശനം നടത്തിയിരിക്കുന്നു. അവന്റെ ഗുണങ്ങളുടെ / കഴിവുകളുടെ പ്രകടനത്തിലൂടെ അതു വ്യക്തമായിരിക്കുന്നു. നാനാമുഖമായ വഴികളിലൂടെ മനുഷ്യന് വേണ്ടി അവൻ സ്വയം വെളിവാക്കപ്പെടുകയാണ്. പരിധിയില്ലാത്ത് അവന്റെ ശക്തി പ്രകടനത്തിന്റെ പ്രദർശന പ്രപഞ്ചം ! അതിൽ ചിലപ്പോൾ ഭയഹേതുകങ്ങളായ ദൃഷ്ടാന്തങ്ങൾ, മറ്റു ചിലപ്പോൾ പ്രവാചകന്മാരിലൂടെയുള്ള ദൃഷ്ടാന്തങ്ങൾ, മറ്റു ചിലപ്പോൾ കാരുണ്യ വായ്പിന്റെ അടയാളങ്ങൾ, മറ്റു ചിലപ്പോൾ പ്രാർത്ഥനാ സ്വീകാര്യതയിലൂടെയുള്ള അനുഭവങ്ങൾ!

ഈ ഭൗതികവാദ കാലഘട്ടത്തിൽ, വിഷയീഭവിക്കാവുന്ന വിശ്വാസങ്ങളിലും തത്വസംഹിതകളിലും വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ളതു തന്നെയാണ്. വിഗ്രഹാരാധകൻ ദൈവത്തോടൊപ്പം മറ്റു ദൈവങ്ങളെ സ്ഥാപിക്കുന്നു. എന്നാൽ അവനും കുറഞ്ഞത് ദൈവത്തിന്റെ നിലനില്പിൽ വിശ്വസിക്കുന്നു എന്നതാണ് സത്യം. എന്നാൽ നിരീശ്വരവാദി, ഈ പരമോന്നത സത്തയുടെ നിലനില്പിനെ നിരാകരിക്കുന്നു. ആധുനിക ശാസ്ത്രം, എല്ലാം നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നോക്കികാണുവാൻ ശ്രമിക്കുന്നു. എന്നാൽ നിരീശ്വരവാദിയുടെ ആവശ്യം ഇതാകുന്നു. ദൈവം ഉണ്ടെങ്കിൽ, അവനെ ഞങ്ങൾക്ക് കാണിച്ചു തരിക. അവനെകാണാതെ ഞങ്ങൾക്കെങ്ങനെയാണ് വിശ്വസിക്കുവാൻ കഴിയുക?

പടിഞ്ഞാറൻ സ്വാധീന വലയത്തിലകപ്പെട്ട അനേകം യുവാക്കൾ അവരുടെ ഹൃദയങ്ങളിലുണ്ടായിരുന്ന ദൈവീകസത്തയെ കയ്യൊഴിഞ്ഞിരിക്കുന്നു. നൂറുകണക്കിന് കോളേജ് വിദ്യാർത്ഥികളും, ബിരുദം നേടിയവരും ദൈവത്തിന്റെ നിലനില്പിനെ നിരാകരിക്കുന്നു. സമുദായത്തെ ഭയന്നു കൊണ്ട് ആയിരക്കണക്കിനാളുകൾ അവരുടെ അഭിപ്രായം തുറന്നുപറയുവാൻ മടികാണിക്കുന്നു, അവർക്ക് യഥാർത്ഥ്യത്തിൽ അവനിൽ വിശ്വാസമില്ല. ഈ സാഹചര്യത്തിലാണ് അല്ലാഹു (ത) എനിക്ക് ഈ കാര്യത്തിൽ ബോധനം നല്കുകയും, ഇത് ഒരു പ്രഭാഷണ രൂപത്തിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെട്ടതും ! ഭാഗ്യാത്മാക്കൾ തീർച്ചയായും ഇതിൽ നിന്ന് പ്രയോജനം നേടിയേക്കാം

ഒരു നിരീശ്വരവാദി മുന്നോട്ട് വെയ്ക്കുന്ന ഒന്നാമത്തെ ആവശ്യം നിങ്ങൾ ദൈവത്തെ ഞങ്ങൾക്ക് കാണിച്ചുതരുകയാണെങ്കിൽ, ഞങ്ങൾ അവനിൽ തീർച്ചയായും വിശ്വസിക്കാം. മനുഷ്യൻ കാര്യങ്ങൾ അറിയുന്നത് ഇന്ദ്രിയ സഹായത്താലാണ്. ചില കാര്യങ്ങൾ അറിയുന്നത് കാണുന്നതിലൂടെയാണ്. മറ്റു ചില കാര്യങ്ങളറിയുന്നത് സ്പർശനത്തിലൂടെയാണ്. വേറെ ചിലത് മണത്തിലൂടെയാണ്; ഇനി മറ്റു ചിലത് കേൾക്കുന്നതിലൂടെയും ; ഇനി മറ്റു ചിലതാകട്ടെ രുചിക്കുന്നതിലൂടെയും അറിയുന്നു. ഒരു നിറം അറിയുന്നത് കാണുന്നതിലൂടെയാണ്; അത് മണപ്പിച്ചുകൊണ്ടല്ല ; സ്പർശിച്ചുകൊണ്ടല്ല, രുചിച്ചുകൊണ്ടുമല്ല. ഇനി ആരെങ്കിലും താൻ ഒരു നിറത്തെ സത്യപ്പെടുത്തണമെങ്കിൽ അതിന്റെ ശബ്ദം കേട്ടാലേ സത്യമാക്കുകയുള്ളു എന്നു പറഞ്ഞാൽ, അവനെ ഒരു വിഡ്ഢിയായി മാത്രമല്ലേ കരുതുവാൻ പറ്റുകയുള്ളു? അതുപോലെ സുഗന്ധം അറിയുന്നത് മണത്തിലൂടെ മാത്രമെ സാധിക്കുകയുള്ളു.

ഇനി ഒരു റോസാപുഷ്പത്തിന്റെ സുഗന്ധം, ഞാനത് രുചിച്ചറിഞ്ഞെങ്കിൽ മാത്രമെ വിശ്വസിക്കുകയുള്ളു എന്ന് ആരെങ്കിലും പറഞ്ഞാൽ, അത്തരം മനുഷ്യനെ ബുദ്ധിമാൻ എന്ന് പറയുവാൻ സാധിക്കുമോ? പുളിപ്പ്, മധുരം, കയ്പ്, ഉപ്പ്രസം ഇവയൊക്കെ രുചിച്ചറിയേണ്ടതാണ്. ഇനി ഒരാൾ ഇതൊക്കെ മണത്തറിഞ്ഞാലേ വിശ്വസിക്കു എന്ന് ശഠിച്ചാൽ അയാളെപറ്റി നമുക്കെന്തു പറയുവാൻ കഴിയും ? ആയതിനാൽ കണ്ണുകൊണ്ട് കണ്ടേ വിശ്വസിക്കുകയുള്ളു എന്ന് ശഠിക്കുന്നതു ശരിയല്ല. കണ്ണുകൊണ്ട് കാണാൻ കഴിയാത്തതിനെ വിശ്വസിക്കാതിരിക്കുന്നത് മൗഢ്യമാണ്. ഇനി നാം കണ്ടില്ലെങ്കിൽ വിശ്വസിക്കുകയില്ല എന്ന് ശഠിക്കുകയാണെങ്കിൽ, നാം റോസാപൂവിന്റെ സുഗന്ധം, നാരങ്ങയുടെ പുളിപ്പ്, തേനിന്റെ മധുരം, ഇരുമ്പിന്റെ കാഠിന്യം, കർണ്ണാനന്ദമായ ശബ്ദം, ഇവയൊക്കെ നിഷേധിക്കേണ്ടി വരും, ഇവയൊന്നും കണ്ണുകൊണ്ട് കാണാവുന്നതല്ല. കണ്ണുകൊണ്ട് കണ്ടെങ്കിൽ മാത്രമെ ദൈവത്തിൽ വിശ്വസിക്കുകയുള്ളു എന്ന് നമ്മുടെ വാദം എത്ര ബാലിശമാണ്. ഇത്തരം ആവശ്യം ഉന്നയിക്കുന്നവൻ റോസാപൂവിന്റെ സുഗന്ധത്തിൽ വിശ്വസിക്കുന്നുവോ? അല്ലെങ്കിൽ തേനിന്റെ മധുരത്തിൽ വിശ്വസിക്കുന്നുവോ? അതവൻ കണ്ടിട്ടാണോ വിശ്വസിക്കുന്നത് ? അപ്പോൾ അവർ എന്തു കൊണ്ടാണ് പരമോന്നതമായ സത്തയിലുള്ള വിശ്വാസത്തെ, ദൈവത്തെ കണ്ടെങ്കിൽ മാത്രമെ വിശ്വസിക്കുകയുള്ളു എന്നവർ വ്യവസ്ഥ വെയ്ക്കുന്നത് ?

മാത്രമല്ല മനുഷ്യനിൽ തന്നെ കുടികൊള്ളുന്ന ചില കാര്യങ്ങൾ, അവൻ അംഗീകരിക്കുന്നത് കണ്ടിട്ടല്ല എന്നത് ഒരു വ്യവസ്ഥയാണ്. ഹൃദയം, കരൾ, തല ച്ചോറ്, കുടൽ, ശ്വാസകോശം, പ്ളീഹ തുടങ്ങിയവ അവൻ കണ്ടിട്ടാണോ വിശ്വസി ക്കുന്നത് ? അവനെ കാണിയ്ക്കുവാനായി അവന്റെ ശരീരത്തിൽ നിന്നും അത് പുറ ത്തെടുത്താൽ, അവൻ അത് കാണുന്നതിനു മുൻപ് മരണപ്പെട്ടിരിക്കും. എല്ലാ കാര്യ ങ്ങളും നാം കണ്ടതിനു ശേഷമല്ല വിശ്വസിക്കുന്നത് എന്നത് വ്യക്തമാക്കുവാനാണ് ഈ വിശദീകരണങ്ങളൊക്കെ നല്കിയത്, മറിച്ച് വിവിധതരത്തിലുള്ള അഞ്ച് ഇന്ദ്രിയ സഹായത്താലാണ് കാര്യങ്ങൾ അറിയുന്നത് മാത്രമല്ല അഞ്ച് ഇന്ദ്രിയ സഹായത്തി നുമപ്പുറമുള്ള അനേകം കാര്യങ്ങളും അറിയുവാനുണ്ട് എന്ന് കാണിക്കുവാൻ കഴിയും; അവയെ മറ്റു രീതിയിൽ നാം ഗ്രഹിക്കേണ്ടി വരും. ഉദാഹരണത്തിന്, കാര്യകാരണ ങ്ങളെ അപഗ്രഥിക്കുവാനുള്ള കഴിവ്, ഓർമ്മ, ബുദ്ധിവൈഭവം ഇവയെ ലോകത്ത് ആരും തന്നെ നിഷേധിക്കുന്നില്ല, എന്നാൽ അവയെ ആരും തന്നെ കണ്ടിട്ടില്ല, കേട്ടിട്ടില്ല, രുചിച്ചിട്ടില്ല, മണത്തറിഞ്ഞിട്ടില്ല, സ്പർശിച്ചറിഞ്ഞിട്ടുമില്ല. പിന്നെങ്ങനെയാണ് നാം ഇത്തരം കാര്യം ഉണ്ട് എന്ന തീരുമാനത്തിലെത്തിച്ചേരുന്നത്. അതായത് കാര്യങ്ങളെ അപഗ്രഥിക്കുവാനുള്ള കഴിവ്, സ്മരണ അഥവാ ബുദ്ധിവൈഭവം? അല്ലെങ്കിൽ ഊർജ്ജത്തെ ഉദാഹരണമായി എടുക്കുക. ശക്തനും അശക്തനുമായ ഓരോരുത്ത രും, കൂടുതൽ അളവിലൊ കുറഞ്ഞ അറവിലൊ ഊർജ്ജത്തിന്റെ ഉടമകളാണ്. എന്നാൽ ആരെങ്കിലും ഊർജ്ജത്തെ എന്നെങ്കിലും കണ്ടിട്ടുണ്ടോ, കേട്ടറിഞ്ഞിട്ടുണ്ടോ, മണ ത്തറിഞ്ഞിട്ടുണ്ടോ, സ്പർശച്ചറിഞ്ഞിട്ടുണ്ടോ, അഥവാ രുചിച്ചറിഞ്ഞിട്ടുണ്ടോ? ഏറ്റവും നിസ്സാരനായ മനുഷ്യനു പോലും ഗ്രഹിക്കുവാൻ കഴിയും ഇവയൊന്നും പഞ്ചേ ന്ദ്രിയങ്ങളുടെ സഹായത്താൽ ഗ്രഹിക്കാവതല്ല. മറിച്ച്, അവ നിലനില്ക്കുന്നു എന്ന തിന് മറ്റു തെളിവുകളെയാണ് നാം അവലംബമാക്കുന്നത്.

എല്ലാ സാധനങ്ങളിൽ വെച്ച് ഏറ്റവും നിഗൂഢമായത് ദൈവമാകുന്നു. ദൈവത്തിന്റെ അസ്ഥിത്വത്തിൽ, അവനെ കണ്ടല്ലാതെ, വിശ്വസിക്കുകയില്ല എന്ന് നാം പറയുന്നത് എത്ര അനീതിപരമാണ്. ആരെങ്കിലും വൈദ്യുതിയെ എന്നെങ്കിലും കണ്ടിട്ടുണ്ടോ? സന്ദേശങ്ങൾ കടത്തിവിടുന്നതും, വിദൂരതയിലേക്ക് സിഗ്നലുകൾ അയ്ക്കുന്നതും, പ്രകാ ശിപ്പിക്കുന്നതും, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതും വൈദ്യുതിയുടെ മാധ്യമത്തിലൂ ടെയാണ്.

ഇത് നമുക്ക് നിഷേധിക്കുവാൻ കഴിയുമോ? ഭൗതിക ശാസ്ത്രത്തിന്റെ ആധിപത്യത്തിൽ വിപ്ലവകരമായ മാറ്റമാണ് ഈ കണ്ടുപിടത്തത്തിലൂടെ സുസാധ്യമാക്കിയത്. എന്നാൽ ഏതെങ്കിലും ശാസ്ത്രജ്ഞന് ഇത് കാണുവാനോ, കേൾക്കുവാനോ, രുചിക്കുവാനോ, മണക്കുവാനോ, സ്പർശിച്ചറിയുവാനോ കഴിഞ്ഞിട്ടുണ്ടോ? എന്നാൽ ഇവയുടെ അസ്തിത്വത്തെ നാം നിഷേധിക്കുകയാണെങ്കിൽ, സൂര്യരശ്മി ഭൂമിയിൽ എത്തുന്നതിനെ നമുക്ക് നിഷേധിക്കേണ്ടി വരും, വിശദീകരിക്കുവാൻ കഴിയാതെ വരും. ദൈവത്തെ വിശ്വസിക്കണമെങ്കിൽ നഗ്നനേത്രങ്ങൾ കൊണ്ട് കാണണം എന്ന് ശഠിക്കുന്നത് എത്ര അപക്വമാണ് ! മറ്റനേകം കാര്യങ്ങൾ നഗ്നനേത്രങ്ങൾ കൊണ്ട് കണ്ടല്ല വിശ്വസിക്കുന്നത്, മാത്രമല്ല, മറ്റ് ഏതെങ്കിലുമൊരു ഇന്ദ്രിയ സഹായത്താലുമല്ല. ദൈവത്തെ ദർശിക്കുവാൻ കഴിയുന്നത്, അതിന് കഴിവുള്ള കണ്ണുകളിലൂടെ മാത്രമാണ്. ഇനി ആരെങ്കിലും അവനെ ദർശിക്കുവാൻ ഇച്ഛിക്കുകയാണെങ്കിൽ, അവൻ മുഴു ലോകത്തിന്റെയും മുമ്പിലും ഉണ്ട്! അവൻ മറഞ്ഞിരിക്കുകയാണെങ്കിലും അവന്റെ ശക്തി പ്രഭാവത്താൽ ! എല്ലാത്തിനും കാരണക്കാരൻ അവൻ മാത്രമാണ്; അവൻ എല്ലാത്തിലും പ്രത്യക്ഷമായതുമാണ്. എന്റെ പ്രസംഗാരംഭത്തിൽ വിശദീകരിച്ചതു പോലെ വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഹ്രസ്വമായും ഇക്കാര്യം പ്രതിപാദിക്കുന്നു.

**വിശുദ്ധ ഖുർ ആനിൽ ദൈവത്തിന്റെ അസ്തത്വത്തിനുള്ള തെളിവിതാ! അവൻ തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് എന്നും, അവൻ തന്നെയാണ് ആണ്, പെണ്ണ് എന്നീ രണ്ട് ഇണങ്ങളെ സൃഷ്ടിച്ചത് എന്നും ഒരു ശുക്ലബിന്ദുവിൽ നിന്നും അത് (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുമ്പോൾ മറ്റൊരു സൃഷ്ടി (പുനരുജ്ജീവനം) അവന്റെ മേൽ തന്നെ എന്നും) (53:43–47)**

ഈ വചനത്തിലൂടെ ഒരുവസ്തുതയിലേക്ക് ദൈവം മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്, ഓരോ പ്രവർത്തിയ്ക്കും ഒരു കാരണഭൂതനുണ്ട്. ആയതിനാൽ നാം ഗഹനമായി മുഴുപ്രപഞ്ചത്തെയും കുറിച്ച് ചിന്തിച്ചാൽ നമുക്ക് ഒരു നിഗമനത്തിലെത്തിച്ചേരുവാൻ സാധിക്കുന്നതാണ്. എല്ലാ കാര്യങ്ങളുടെയും അവസാനം ദൈവത്തിലാണ് അവൻ മാത്രമാണ് ഈ പ്രപഞ്ചത്തെ നയിച്ചു കൊണ്ടിരിക്കുന്നത്. ഒരു വ്യക്തി ഈ മഹാസൃഷ്ടിപ്പിനെക്കുറിച്ച് ഗാഢമായി ചിന്തിച്ചാൽ, ഈ പ്രപഞ്ചത്തെ നിലനിർത്തിയിരിക്കുന്ന മഹാശക്തി പ്രഭാവത്തെ അംഗീകരിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ല.

മാനവകുലത്തിന്, ഈ യാഥാർത്ഥ്യം അംഗീകരിക്കുവാനും, അവന്റെ നിലനില്പ് അനുഭവിച്ചറിയുവാനും, പ്രപഞ്ചത്തിൽ ദൃശ്യമായ അനേകം അടയാളങ്ങളിലൂടെ, അവന്റെ മഹനീയ സാന്നിദ്ധ്യം നമ്മളിലെല്ലാവരിലും പ്രസരിക്കുന്നു എന്ന യാഥാർത്ഥ്യം ഗ്രഹിക്കുവാനും കഴിയട്ടെ! അതിന് ദൈവം സഹായിക്കട്ടെ! ഇൻശാ അല്ലാഹ്! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**